## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2795 — 17.06.2019 -ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.കാരാട്ട് റസാഖ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ ആയി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളെ തൊഴിൽ-നൈപുണ്യ വികസനത്തി-നായുള്ള കേന്ദ്രങ്ങൾ ആയി രൂപപ്പെടുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നത്; | (ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി വിവിധ മൃദു നൈപുണ്യ പരിശീലനങ്ങൾ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, കമ്പ്യൂട്ടർ പരിശീലനങ്ങൾ തുടങ്ങിയവ നൽകി വരുന്നു. |
| (സി) | ഇതു സംബന്ധിച്ച് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ? | (സി) | തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന തൊഴിലന്വേഷകർക്ക് അസെസ്സ്മെന്റ് ടെസ്റ്റ് നടത്തി, ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ Soft skills, English speaking, Basic computer skills |

| | | | |
|---|---|---|---|
| | | | എന്നിവയിൽ പരിശീലനങ്ങൾ നൽകി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നു. സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് സെന്ററിന് അകത്തും പുറത്തുമായി നടത്തി വരുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള അറിയിപ്പ് ഇ-മെയിൽ, എസ്.എം.എസ് തുടങ്ങിയവ മുഖാന്തിരം ഉദ്യോഗാർത്ഥികളെ അറിയിക്കുകയും ചെയ്യുന്നു. ഇപ്രകാരം നടത്തി വരുന്ന തൊഴിൽ മേളകൾ വഴി ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുന്നു. employabilitycentre.org എന്ന വെബ്സൈറ്റ് മുഖേനയോ അല്ലെങ്കിൽ നേരിട്ട് അതാത് ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന എംപ്ലോയബിലിറ്റി സെന്ററുകളിലോ ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആധാർ/തിരിച്ചറിയൽ, വിദ്യാഭ്യാസം, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ തുടങ്ങിയവ സമർപ്പിച്ചാണ് പേര് രജിസ്റ്റർ ചെയ്യേണ്ടത്. ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസ് 250/- രൂപയാണ്. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**